# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5064 04.07.2012 -ൽ മറുപടിയ്ക്ക്**

**ടി. പി. ചന്ദ്രശേഖരൻ വധം - ഇന്റലിജൻസ് റിപ്പോർട്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) വടകരയിൽ കൊല്ലപ്പെട്ട ടി. പി. (എ) ചന്ദ്രശേഖരന്റെ ജീവന് ഭീഷണിയുണ്ടെന്ന് കാണിച്ച് സംസ്ഥാന പോലീസ് രഹസ്യാന്വേഷണ വിഭാഗം നല്കിയ ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ഓരോന്നിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വെക്കാമോ ; | രഹസ്യറിപ്പോർട്ടുകൾ പൊതുവെ വെളിപ്പെടുത്താറില്ല. |
| ബി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ (ബി) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | 22.02.2012 ന് ടി. പി. ചന്ദ്രശേഖരന്റെ ജീവനു ഭീഷണിയുള്ളതായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ജില്ലാ പോലീസ് മേധാവിയെ അറിയിച്ചിരുന്നു. കൂടുതൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്കും, റേഞ്ച് ഡി. ഐ. ജി.ക്കും സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം ജാഗ്രത അറിയിപ്പ് നല്കിയിരുന്നു. ചന്ദ്രശേഖരന്റെ ജീവന് ഭീഷണിയുണ്ടെന്നും പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ നിയമിക്കേണ്ട ആവശ്യകതയുണ്ടെന്നും ജില്ലാ പോലീസ് മേധാവി ചന്ദ്രശേഖരനെ ബോധ്യപ്പെടുത്തിയിരുന്നു. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി., ശ്രീ ടി. പി. ചന്ദ്രശേഖരനെ നേരിൽ കണ്ടിട്ടിയാണ് ജീവന് ഭീഷണിയുള്ളതായി ബോധ്യപ്പെടുത്തി. പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ അനുവദിക്കാമെന്ന് ആവർത്തിച്ച് പറഞ്ഞെങ്കിലും, ചന്ദ്രശേഖരൻ തനിക്ക് പേഴ്സണൽ സെക്യൂരിറ്റി ഓഫീസറെ ആവശ്യമില്ലായെന്ന് പറഞ്ഞിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ